(സി) ഈ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ്; ഇപ്പോൾ നിലവിലുള്ള മിനിസ്റ്റീരിയൽ സ്റ്റാഫ് എത്ര?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. ††

(സി) ഈ വിഭാഗത്തിലെ അനുവദിച്ചിട്ടുള്ള മിനിസ്റ്റീരിയൽ സ്റ്റാഫ് സ്ട്രെങ്ത് 1359-ഉം നിലവിലുള്ളത് 1014-ഉം ആണ്.

കന്നുകാലി സെൻസസ്

118 [2087] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, കെ. എ. ചന്ദ്രൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, എൻ. ഡി. അപ്പച്ചൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ കന്നുകാലി സെൻസസ് എടുത്തത് എന്നാണ്;

(ബി) ആ സെൻസസിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പശു, എരുമ, കോഴി എന്നിവയുടെ എണ്ണം എത്രയാണ്;

(സി) മുൻ സെൻസസനുസരിച്ച് ഇവയുടെ എണ്ണം എത്രയായിരുന്നു;

(ഡി) ഇപ്പോഴുള്ള സെൻസസ് അനുസരിച്ച് കന്നുകാലികളുടേയും കോഴി കളുടേയും എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ അതിനു കാരണമെന്ത്;

(എഫ്) കന്നുകാലി, കോഴിവളർത്തലിൽ പുരോഗതിയുണ്ടാക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 2003 ഒക്ടോബർ മാസം.

(ബി) കിക്ക് എസ്റ്റിമേറ്റ് പ്രകാരം

പശുക്കൾ	. .	21.21 ലക്ഷം
എരുമകൾ	. .	0.72 ,,
കോഴികൾ	. .	123.33 ,,

† അനുബന്ധം XV

†† അനുബന്ധം XV (എ)

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-ലെ സെൻസെസ് അനുസരിച്ച്

പശുക്കൾ	. .	24.31 ലക്ഷം
എരുമകൾ	. .	1.11 ,,
കോഴികൾ	. .	169.08 ,,

(ഡി) ഉണ്ട്.

(ഇ) വർദ്ധിച്ചുവരുന്ന തീറ്റചെലവ്, സംരക്ഷണ ചെലവ് എന്നിവ താങ്ങാനാവാതെയും മെച്ചപ്പെട്ട തീറ്റപുല്ലിന്റെ ദൗർലഭ്യതയും കാരണം കർഷകർ കന്നുകാലി വളർത്തലിൽനിന്നും വിട്ടുപോയിട്ടുണ്ട്. കഴിഞ്ഞ വർഷമുണ്ടായ കുളമ്പുരോഗത്തെ തുടർന്ന് ഭീതിമൂലം വളരെയധികം കന്നുകാലികളെ കർഷകർ വിറ്റുപോയിട്ടുണ്ട്.

(എഫ്) കന്നുകാലികൾക്കും, കോഴികൾക്കും ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങളെ പ്രതിരോധ കുത്തിവയ്പ്പിലൂടെ നിയന്ത്രിച്ച് കേരളത്തെ കന്നുകാലി/കോഴി രോഗവിമുക്ത മേഖലയാക്കുക, ഇവയുടെ ചികിൽസയ്ക്ക് അത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾവഴി സൗജന്യമായി നൽകുക, കർഷകർക്ക് ലാഭകരമായി വളർത്താവുന്ന പന്നി, ആട്, മുയൽ, കോഴി, കാട എന്നിവയുടെ കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് ന്യായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക, കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നവീകരിച്ച് നടപ്പിലാക്കുക, കേന്ദ്ര സഹായത്തോടെ കോഴിവളർത്തുകേന്ദ്രങ്ങൾ നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക, എഗ്ഗർ നഴ്സറി യൂണിറ്റുകൾ ശക്തിപ്പെടുത്തുക, ഇവയുടെ പരിപാലനത്തിൽ കർഷകർക്ക് പരിശീലനം നൽകുക, ബാക്ക്യാർഡ് പൗൾട്രി സ്കീം വ്യാപകമാക്കുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ അവയുടെ പദ്ധതിയിൽപ്പെടുത്തി കർഷകർക്ക് മൃഗസംരക്ഷണ രംഗത്ത് സ്വയംതൊഴിൽ കണ്ടെത്താൻ ധനസഹായം നൽകിയും വരുന്നുണ്ട്.

കേരളാ ഫീഡ്സ് ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിലെ അപാകതകൾ

119 [2088] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സ് കാലിത്തീറ്റ കമ്പനിയുടെ ഡീലർമാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിൽ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ വിവേചനം കാട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില ഡീലർമാർ മറ്റൊരു ഡീലറുടെ വിപണന പ്രദേശത്ത് കേരള ഫീഡ്സ് കാലിത്തീറ്റ അനധികൃതമായി വിപണനം നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ഈ അനധികൃത വിപണനം നടത്തുന്ന ഡീലർമാർക്കെതിരെ കമ്പനി അധികൃതർ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly